Madhyamam 23-09-18, P-04

# പ്രളയം: വിള നഷ്ടം 5619 കോടി

● നശിച്ചതിൽ അധികവും കുരുമുളക്. 3974 കോടി രൂപയുടെ കുരുമുളകാണ് നഷ്ടമായത്.

കെ. പരമേശ്വരൻ

തൃശൂർ: പ്രളയത്തിൽ സംസ്ഥാനത്ത് 5619 കോടി രൂപയുടെ കാർഷിക വിള നഷ്ടം.

1.46 ലക്ഷം ഹെക്ടർ കൃഷിയിടങ്ങളെയും 3.98 ലക്ഷം കർഷകരെയും പ്രളയം ബാധിച്ചു. ഈമാസം 10 വരെയുള്ള സ്ഥിതി വെച്ച് കൃഷി വകുപ്പ് തയാറാക്കിയ കണക്കാണിത്. ചെറിയ ചില മാറ്റങ്ങൾ ഇനിയും വന്നേക്കാമെന്ന് ബന്ധപ്പെട്ട വൃത്തങ്ങൾ അറിയിച്ചു. ഓരോ കാർഷിക വിളക്കും നേരിട്ട നാശത്തിൻെറ കണക്കും വകുപ്പ് തയാറാക്കിയിട്ടുണ്ട്.

895 കോടിയുടെ സഹായമാണ് ഇതേ വരെ വകുപ്പ് നിർദേശിച്ചിരിക്കുന്നത്.

വിളനാശത്തിൽ മുന്നിൽ ഇടുക്കി ജില്ലയാണ്. ആലപ്പുഴ, മലപ്പുറം, പത്തനംതിട്ട, തൃശൂർ, പാലക്കാട് ജില്ലകളാണ് പിന്നിൽ. നശിച്ചതിൽ അധികവും കുരുമുളകാണ്.

3974 കോടി രൂപയുടെ കുരുമുളകാണ് നശിച്ചത്. വാഴ, ഏലം എന്നിവക്കും വൻ നാശം നേരിട്ടു.

നെൽവയലുകളിൽ വെള്ളം കയറി 411 കോടി രൂപയുടെ വിള നാശമുണ്ടായി.

ജില്ല, ബാധിച്ച പ്രദേശം (ഹെക്ടറിൽ), ബാധിക്കപ്പെട്ട കർഷകർ, നഷ്ടം (തുക രൂപയിൽ), നിർദേശിച്ച സഹായം (തുക രൂപയിൽ) എന്നിവ യഥാക്രമം:

| | | | | |
|---|---|---|---|---|
| തിരുവനന്തപുരം: | 1356.96, | 13451, | 745,249,603 | 168,223,031 |
| കൊല്ലം: | 869.73, | 9112, | 234,180,559, | 51,951,112 |
| ആലപ്പുഴ: | 12095.55 | 78,733, | 3,702,431,000 | 208,679,280 |
| പത്തനംതിട്ട: | 12085.05 | 59,555 | 1,384,191,820 | 310,073,108 |
| കോട്ടയം: | 7170.71 | 41267 | 1,220,391,372 | 177,899,330 |
| ഇടുക്കി: | 73726.43 | 41327 | 42,299,746,020 | 4,500,727,380 |
| എറണാകുളം: | 1296.66 | 8112 | 327,785,580 | 87,967,695 |
| തൃശൂർ: | 4767.31 | 22740 | 1,373,390,693 | 300,050,242 |
| പാലക്കാട്: | 6250.43 | 17376 | 1,116,681,799 | 157,502,221 |
| മലപ്പുറം: | 5567.15 | 22577 | 2,096,922,843 | 565,714,762 |
| കോഴിക്കോട്: | 627.04 | 4746 | 155,088,836 | 20,424,194 |
| വയനാട്: | 19528.20 | 58100 | 966,491,570 | 2,296,22,075 |
| കണ്ണൂർ: | 1127.57 | 10527 | 419,968,000 | 90,366,884 |
| കാസർകോഡ്: | 199.29 | 5129 | 101,703,500 | 23,683,110 |
| ആകെ: | 146668.09 | 398752 | 56,189,223,195 | 8,959,482,424 |